ഭാരതീയ സുപ്രീം കോടതി

സിവിൽ അപ്പീൽ അധികാരപരിധി

സിവിൽ അപ്പീൽ നമ്പർ: 6494 വർഷം: 2021

(2019 ലെ SLP (C) No.13213-ൽ നിന്ന് ഉത്ഭവിക്കുന്നത്)

ജിതേന്ദ്രൻ ..... അപ്പീൽവാദി (കൾ)

Vs.

ദി ന്യൂ ഇന്ത്യ അഷ്വറൻസ്

കമ്പനി ലിമിറ്റഡ് മുതൽ പേർ .....എതിർകക്ഷി (കൾ)

വിധിന്യായം

Hrishikesh Roy, J.

1. അപ്പീൽവാദിക്കു (അവകാശവാദിക്കു) വേണ്ടി ഹാജരായ അഭിഭാഷകൻ ശ്രീ. എ. കാർത്തിക്കിന്റെ വാദം കേട്ടു. ഇൻഷുറൻസ് കമ്പനിക്കായി (ഒന്നാം എതിർകക്ഷി) അഭിഭാഷകനായ ശ്രീ.ജെ.പി.എൻ ഷാഹി ഹാജരാകുന്നു.

2. അപ്പീൽ നൽകുവാൻ അനുവദിച്ചു. 13.04.2001-നു മോട്ടോർ സൈക്കിളിലിൽ കാർ ഇടിച്ചതിൽ അപ്പീൽവാദിയ്ക്കേറ്റ (അപ്പീൽ വാദി ബൈക്കിന്റെ പുറകിൽ ഇരുന്ന് യാത്ര ചെയ്യുകയായിരുന്നു) മാരകമായ പരിക്കുകളെ തുടർന്നുണ്ടായ മോട്ടോർ ആക്സിഡന്റ് ക്ലെയിമിൽ നിന്നാണ് നിലവിലെ അപ്പീൽ ഉത്ഭവിച്ചിരിക്കുന്നത്. രണ്ടു യാത്രികർക്കും

ആഘാതമേറ്റു അതിൽ അപ്പീൽവാദിയുടെ തലയ്ക്കു മാരകമായി പരിക്കേറ്റു. കിടപ്പിലായ അദ്ദേഹം പൂർണ്ണമായും നിശ്ചലനായി, തുടക്കത്തിൽ 191 ദിവസം ആശുപത്രിയിൽ തുടർന്നു. അപ്പീൽ വാദിക്ക് വൈജ്ഞാനിക ശക്തിയുടെ കാര്യമായ തകരാർ ഉണ്ടായിട്ടുണ്ട് ഒപ്പം ഹെമിപാർസിസും പൂർണ അഫാസിയയും കൂടാതെ അദ്ദേഹത്തിന്റെ രോഗനിദാനം (hemiparesis and total aphasia and the prognosis) 69% ശാശ്വത വൈകല്യമാണ്.

3. ബൈക്കിന്റെ പുറകിൽ ഇരുന്ന് യാത്ര ചെയ്യുകയായിരുന്ന അപ്പീൽവാദി സമർപ്പിച്ച ക്ലെയിം അതേ ആക്സിഡന്റിലെ മറ്റു അവകാശവാദികളുടേതിനൊപ്പം തൃശ്ശൂർ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബുണൽ (ഇനിമേലിൽ, ചുരുക്കത്തിൽ 'ട്രിബുണൽ' എന്ന് പരാമർശിക്കും) പരിഗണിച്ചു. ഗുരുതരമായി അവശതയനുഭവിക്കുന്ന പുറകിൽ ഇരുന്ന യാത്രികനെ ഇരുവശത്തുനിന്നും പിടിച്ച് നിർത്തുന്നതിനു രണ്ട് ആളുകളുടെ പിന്തുണ ആവശ്യമാണെന്ന് പ്രിസൈഡിംഗ് ഓഫീസർ ശ്രദ്ധിച്ചു, അവകാശവാദിയ്ക്ക് (Claimant) വൈജ്ഞാനിക ശക്തി കുറയുഞ്ഞിരുന്നതിനാൽ അദ്ദേഹത്തിന് പരിസരബോധം നഷ്ടപ്പെട്ടതായി ട്രിബുണലിനു തോന്നി. അദ്ദേഹത്തിന് വായ ഭാഗികമായി മാത്രമേ അടയ്ക്കാൻ കഴിയൂ, തത്ഫലമായി അദ്ദേഹത്തിന്റെ വായിൽ നിന്ന് ഉമിനീർ ഒലിച്ചിറങ്ങി.

അവകാശവാദിയ്ക്ക് (Claimant) 21 വയസ്സ് പ്രായമായിരുന്നെന്നും അപകടം സംഭവിക്കുമ്പോൾ ജ്വല്ലറി ജോലിയിൽ നിന്ന് പ്രതിമാസം 4,500 രൂപ സമ്പാദിച്ചിരുന്നതായും ട്രൈബ്യൂണൽ ജഡ്ജി ചൂണ്ടിക്കാട്ടി. ഈ ഘടകങ്ങൾ കണക്കിലെടുത്തും ഒപ്പം 17-ന്റെ ഗുണിതസംഖ്യ പ്രയോഗിച്ചും, പുറകിൽ ഇരുന്ന യാത്രികന് നൽകേണ്ട നഷ്ടപരിഹാരം ട്രിബ്യൂണൽ 5,74,320/- രൂപയായി നിശ്ചയിച്ചു.

4. അനുവദിച്ച തുകയിൽ അതൃപ്തി രേഖപ്പെടുത്തി, ഉയർന്ന നഷ്ടപരിഹാരത്തിനായി അവകാശവാദി കേരള ഹൈക്കോടതിയെ സമീപിച്ചു. ഭാഗികമായി വൈകല്യമുള്ള അവകാശവാദിയ്ക്ക് (Claimant) തുടർ ചികിത്സ ലഭിച്ച ആശുപത്രിയിൽ നിന്നും നൽകിയ മൂന്ന് ഡിസ്ചാർജ് സംഗ്രഹങ്ങളും, 40 മെഡിക്കൽ ബില്ലുകളും (ആകെ 68,196/- രൂപ) 3 മെഡിക്കൽ റിപ്പോർട്ടുകളും കോടതിയുടെ അനുമതിയോടെ ഹാജരാക്കി. ജ്വല്ലറി ജോലിയിൽ നിന്ന് അവകാശവാദിയുടെ പ്രതിമാസ വരുമാനം 4,500 രൂപയായിരുന്നു എന്ന വസ്തുതയും അതിലേക്ക് ഭാവി പ്രതീക്ഷയായ 40% ചേർത്തു കൊണ്ട് പ്രസ്തുത കാര്യങ്ങൾ പരിഗണിച്ചു. ആദ്യത്തെ 191 ദിവസത്തെ ആശുപത്രിവാസത്തിന് ശേഷം തുടർ ചികിത്സയ്ക്ക് വേണ്ടി വരുന്ന അധിക ചികിത്സാ ചെലവുകൾ കണക്കിലെടുത്തിട്ടുണ്ട് കൂടാതെ, ഭാവിയിലെ ചികിത്സയ്ക്കായി,

1,00,000/- രൂപ ചേർത്തു. 69% ശാശ്വത വൈകല്യം ബന്ധപ്പെട്ട ഹെഡിന് കീഴിൽ പരിഗണിക്കുകയും, നഷ്ടപരിഹാരമായി ഉയർന്ന തുകയായ 9,38,952/- രൂപ (2,81,520/- രൂപയ്ക്ക് പകരം) ഹൈക്കോടതി കണക്കാക്കുകയും ചെയ്തു. പുറകിൽ ഇരുന്ന യാത്രികന് ട്രൈബ്യൂണൽ നിശ്ചയിച്ചിട്ടുള്ള 5,74,320/- രൂപയ്ക്കപ്പുറം, സ്ഥിരമായ വൈകല്യത്തിനുള്ള അധിക നഷ്ടപരിഹാരം 8,57,432/- രൂപ വരെ ഹൈക്കോടതി കണക്കാക്കി.

5. താഴെയുള്ള ചാർട്ട് വ്യത്യസ്ത ഹെഡുകളിൽ ട്രിബ്യൂണലും ഹൈക്കോടതിയും കണക്കാക്കിയ നഷ്ടപരിഹാരത്തെ സൂചിപ്പിക്കും:

ഹെഡ്	**ട്രൈബ്യൂണൽ**	**ഹൈക്കോടതി**
വരുമാന നഷ്ടം	12,000/-	12,000/-
ഗതാഗതത്തിനുള്ള ചെലവ്	10,000/-	10,000/-
അധിക പോഷണം	10,000/-	10,000/-
വസ്ത്രത്തിന് കേടുപാടുകൾ	500/-	500/-
ചികിത്സയ്ക്കുള്ള ചെലവുകൾ	1,40,300/-	1,40,300/-
കൂട്ടുനില്പുകാരനുള്ള ചെലവ്	50,000/-	50,000/-
വേദനയ്ക്കും കഷ്ടപ്പാടുകൾക്കുമുള്ള നഷ്ടപരിഹാരം	50,000/-	1,00,000/-
സ്ഥിരമായ	2,81,500/-	9,38,952/-

വൈകല്യത്തിനുള്ള നഷ്ടപരിഹാരം		
സൗകര്യങ്ങളുടെ നഷ്ടത്തിനുള്ള നഷ്ടപരിഹാരം	20,000/-	70,000/-
ഭാവിയിലെ ചികിത്സാ ചെലവുകൾ	ഇല്ല	1,00,000/-
ആകെ	**5,74,320/-**	**14,31,752/-**

6. അവകാശവാദിയ്ക്ക് (Claimant) 69% സ്ഥിരമായ വൈകല്യമുണ്ടെന്നും ദൈനംദിന പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ലെന്നും അദ്ദേഹം നയിക്കുന്ന പരിമിതമായ ജീവിതത്തിന് പോലും നിരന്തരമായ പിന്തുണ ആവശ്യമാണെന്നും അപ്പീൽവാദിക്കു വേണ്ടിയുള്ള അഭിഭാഷകൻ ശ്രീ. എ. കാർത്തിക് അടിവരയിടുന്നു. അതനുസരിച്ച്, ഗുരുതരമായ വൈകല്യമുള്ള അവകാശവാദിയ്ക്കായി (Claimant) അറ്റൻഡന്റ്/അറ്റൻഡന്റ് (കൂട്ടുനില്പുകാരൻ) സേവനത്തിനുള്ള ചെലവുകൾ കൂട്ടിച്ചേർക്കുന്നതിന് ആത്മാർത്ഥമായ അപേക്ഷ സമർപ്പിക്കുന്നു.

6.1 ഹൈക്കോടതിയിൽ ഹാജരാക്കിയ ബില്ലുകളുടെയും ആശുപത്രി രേഖകളുടെയും അടിസ്ഥാനത്തിൽ, ആവർത്തിച്ചുള്ള അധിക വൈദ്യസഹായം ആവശ്യമായതിനാലും, അപകടത്തിന് ശേഷവും പതിവ് ചികിൽസയ്ക്കായി ചെലവ് വരുന്നതിനാലും, ഭാവിയിലെ ചികിത്സാച്ചെലവുകളുടെ ഹെഡിന് കീഴിൽ നൽകുന്ന തുക

ഗണ്യമായി വർദ്ധിപ്പിക്കണമെന്ന് അപ്പീൽവാദിയുടെ അഭിഭാഷകൻ വാദിക്കുന്നു.

6.2 അപ്പീൽവാദിയുടെ വരുമാന ശേഷി പൂജ്യമായി കുറഞ്ഞതിനാൽ, (69% സ്ഥിരമായ വൈകല്യമാണെങ്കിൽ തന്നെയും), സ്ഥിരമായ വൈകല്യത്തിന്റെ ഹെഡിന് കീഴിൽ നഷ്ടപരിഹാരം 69% ആയി പരിമിതപ്പെടുത്തുന്നതിന്റെ യുക്തി ചോദ്യം ചെയ്യപ്പെടുന്നു, കൂടാതെ ഭാവിയിലെ വരുമാനത്തിന്റെ 100% നഷ്ടമായി കണക്കാക്കി ശരിയായ കണക്കിലെത്തണമെന്ന് അഭിഭാഷകൻ ശ്രീ. കാർത്തിക് സമർപ്പിക്കുന്നു.

6.3 പരിക്കേറ്റ അപ്പീൽവാദി 191 ദിവസം ആശുപത്രിയിൽ കിടക്കുകയും ജോലിക്ക് പോകാതിരിക്കുകയും ചെയ്തു എന്ന വസ്തുത കണക്കിലെടുത്താൽ, വരുമാനം 4500/- രൂപയായി സമ്മതിക്കുമ്പോൾ ആറ് മാസത്തെ വരുമാന നഷ്ടത്തിന്റെ കുറഞ്ഞ അളവ് 12,000/- രൂപയായി കണക്കാക്കുന്നതിനെ അപ്പീൽവാദിയുടെ അഭിഭാഷകൻ ചോദ്യം ചെയ്യുകയും വരുമാനനഷ്ടം 27,000/- രൂപയായി (12,000/- രൂപയ്ക്ക് പകരം,) കണക്കാക്കണമെന്നു അദ്ദേഹം വാദിക്കുകയും ചെയ്തു.

7. മറുവശത്ത്, 69% സ്ഥിരമായ വൈകല്യം അനുഭവിക്കുമ്പോൾ, 69% അളവിൽ ഹൈക്കോടതി കണക്കാക്കിയ തുക

വർദ്ധിപ്പിക്കേണ്ടതില്ലെന്ന് ഇൻഷുറൻസ് കമ്പനിക്ക് വേണ്ടി ഹാജരായ അഭിഭാഷകൻ ശ്രീ.ജെ.പി.എൻ.ഷാഹി സമർപ്പിക്കുന്നു.

7.1 ഭാവിയിലെ ചികിത്സാച്ചെലവുകൾക്കായി ഹൈക്കോടതി ഇതിനകം 1,00,000/- രൂപ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത കണക്കിൽ കൂടുതൽ തുക ക്ലെയിം ചെയ്യാൻ അപ്പീൽവാദിയ്ക്ക് അർഹതയില്ലെന്നും അഭിഭാഷകൻ ചൂണ്ടിക്കാണിക്കുന്നു.

7.2 ഒരു ബൈസ്റ്റാൻഡർ/അറ്റൻഡർക്കുള്ള ചെലവുകൾക്കുള്ള ക്ലെയിം സംബന്ധിച്ച്, അറ്റൻഡറുടെ സേവനത്തിന് വേണ്ടിയുള്ള യഥാർത്ഥ ചെലവുകൾ സംബന്ധിച്ച് അവകാശവാദി യാതൊരു വിവരവും ഹാജരാക്കിയിട്ടില്ലെന്ന് അഭിഭാഷകൻ സമർപ്പിക്കുന്നു, അതനുസരിച്ച് ഈ ഹെഡിന് കീഴിൽ കൂടുതൽ ക്ലെയിമിന് അർഹതയില്ല എന്ന് വാദിക്കുന്നു.

8. നേരത്തെ സൂചിപ്പിച്ചതുപോലെ, അപ്പീൽവാദിയ്ക്ക് 69% ശാശ്വത വൈകല്യമുണ്ട്, സഹായമില്ലാതെ ദൈനംദിന പ്രവർത്തനങ്ങൾ നടത്താൻ കഴിയില്ല. വൈജ്ഞാനികവും ശാരീരികവുമായ കഴിവുകളുടെ ഗുരുതരമായ വൈകല്യമുള്ള അവകാശവാദിക്ക് തീർച്ചയായും അവൻ നയിക്കുന്ന പരിമിതമായ ജീവിതത്തിന് പോലും മുഴുവൻ സമയ സഹായം ആവശ്യമാണ്. അത്തരം സാഹചര്യങ്ങളിൽ, വികലാംഗനായ അവകാശവാദി തന്റെ

അഭ്യുദയകാംക്ഷികളുടെയും കുടുംബാംഗങ്ങളുടെയും സൗജന്യ സേവനങ്ങളെ മാത്രം ആശ്രയിക്കുമെന്ന് പ്രതീക്ഷിക്കാനാവില്ല. പ്രധാനമായി, ട്രിബ്യൂണലിലെ പ്രിസൈഡിംഗ് ജഡ്ജി തന്നെ, അവകാശവാദിക്ക് തന്റെ എല്ലാ ചലനങ്ങൾക്കും ഒരു ബൈസ്റ്റാൻഡർ/അറ്റൻഡറിന്റെ സഹായം ആവശ്യമാണെന്ന് ശ്രദ്ധിച്ചു. തൽഫലമായി, ജീവിക്കാൻ ഒരു സഹായിയുടെ ആവശ്യകതയുണ്ടെന്നതും, കാജൽ വേഴ്സസ് ജഗദീഷ് ചന്ദ് മുതൽപേർ[1] എന്ന കേസിൽ പറഞ്ഞിട്ടുള്ളതും മനസ്സിൽ വെച്ചുകൊണ്ട് ഒരു പരിചാരകന്റെ സേവനത്തിനുള്ള ചെലവുകൾ അവകാശവാദിക്കായി ചേർക്കേണ്ടത് ആവശ്യമാണെന്ന് കണ്ടെത്തി. അറ്റൻഡർക്കുള്ള ചെലവുകൾ കണക്കാക്കാൻ വിവരങ്ങളൊന്നും ഹാജരാക്കാത്തതിനാൽ, ഒരു യാഥാസ്ഥിതിക എസ്റ്റിമേറ്റ് ഉണ്ടാക്കി പ്രതിമാസം 5,000/- രൂപ നിശ്ചയിച്ചത് ഏറ്റവും കുറഞ്ഞ തുകയായി തോന്നുന്നു. അതിനാൽ വാർഷിക ചെലവുകൾ 60,000/- രൂപയായി കണക്കാക്കുന്നത് ഉചിതമാണെന്ന് കരുതപ്പെടുന്നു, കൂടാതെ 18-ന്റെ ഗുണിതം പ്രയോഗിക്കുമ്പോൾ, ബൈസ്റ്റാൻഡർ ഹെഡിന് കീഴിൽ നൽകേണ്ട അധിക നഷ്ടപരിഹാരം 10,80,000/- രൂപയായി കണക്കാക്കുന്നു.

9. ആദ്യത്തെ 191 ദിവസത്തെ ആശുപത്രിവാസത്തിന് ശേഷവും ഗണ്യമായ ചിലവുകൾ വരുത്തിയ പരിശോധന, ചികിത്സ, തുടർ

1 (2020) 4 SCC 413

ആശുപത്രി പ്രവേശനം എന്നിവയ്ക്കുള്ള ആവർത്തിച്ചുള്ള ആവശ്യങ്ങൾ കാണിക്കുന്നതിന് മതിയായ മെഡിക്കൽ രേഖകൾ അപ്പീൽവാദി ഹൈക്കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ഗുരുതരമായ വൈജ്ഞാനിക വൈകല്യവും 69% വൈകല്യവും അനുഭവിക്കുന്ന ഒരു വ്യക്തി എന്ന നിലയിൽ, ആവർത്തിച്ചുള്ള വൈദ്യചികിത്സ അനിവാര്യമാണ്, കൂടാതെ ഇതിനകം ഉണ്ടായ അധിക ചിലവുകൾ കണക്കിലെടുക്കുമ്പോൾ ഭാവിയിലെ ചികിത്സാ ചിലവുകൾ 3,00,000/-രൂപയായി (1,00,000/- രൂപയിൽ നിന്ന്) ഉയർത്തുന്നത് ഉചിതമാണെന്ന് കരുതുന്നു, കാരണം ഹൈക്കോടതി കണക്കാക്കിയ തുക കുറവാണെന്ന് തോന്നുന്നു.

10. ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയ ശാശ്വത വൈകല്യം 69% ആണെങ്കിലും, അത് ഒരു തരത്തിലും വൈകല്യമുള്ള അവകാശവാദി തന്റെ ജീവിതകാലം മുഴുവൻ അഭിമുഖീകരിക്കേണ്ടി വരുന്ന കഷ്ടപ്പാടുകളെ വേണ്ടത്ര പ്രതിഫലിപ്പിക്കുന്നില്ല. ഈ ഇരുപത്തിയൊന്നുകാരന്റെ യുവത്വ സ്വപ്നങ്ങളും ഭാവി പ്രതീക്ഷകളും ഗുരുതരമായ അപകടത്തിൽ തകർന്നു. യുവാവിന്റെ വൈകല്യം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെ തീർച്ചയായും ബാധിച്ചിട്ടുണ്ട്. അവകാശവാദിക്ക് മുഴുവൻ സമയ പരിചരണം നൽകേണ്ടതിന്റെ ആവശ്യകത അവരുടെ വിഭവങ്ങളും ശക്തിയും ഞെരുക്കത്തിലാക്കും. ഉത്തേജനത്തിനും പിന്തുണയ്ക്കുമായി

അപ്പീൽവാദി അവരെ നിരന്തരം ആശ്രയിക്കുന്നത് എല്ലാ തല്പരകക്ഷികൾക്കും വൈകാരികവും ശാരീരികവും സാമ്പത്തികവുമായ ക്ഷീണം ഉണ്ടാക്കുന്നതാണ്.

11. മോട്ടോർ വാഹന നിയമം സാമൂഹിക ക്ഷേമ നിയമനിർമ്മാണത്തിന്റെ സ്വഭാവത്തിലാണ്, നഷ്ടപരിഹാരം ന്യായമായ രീതിയിൽ നിശ്ചയിക്കണമെന്ന് അതിലെ വ്യവസ്ഥകൾ വ്യക്തമാക്കുന്നു. ഹെലൻ സി. റെബെല്ലോ മുതൽ പേർ വെർസസ്സ് മഹാരാഷ്ട്ര എസ്ആർടിസി മുതൽ പേർ[2] എന്ന കേസിൽ ജസ്റ്റിസ് എ.പി. മിശ്ര, 'നീതിനിഷ്ഠമായ' നഷ്ടപരിഹാരത്തിന്റെ രൂപരേഖയിൽ ഇനിപ്പറയുന്നവ വിധിച്ചു,

> "നീതിനിഷ്ഠമായ" എന്ന വാക്ക്, അതിന്റെ നാമകരണം പോലെ, ഒരു വലിയ ബാഹ്യമായ പ്രവർത്തനതലം ഉള്ള സമത്വവും, ന്യായവും, ന്യായയുക്തതയും സൂചിപ്പിക്കുന്നു. വലിപ്പം, തീർച്ചയായും, ഏകപക്ഷീയമല്ല; അത് മനഃസാക്ഷിയാൽ പരിമിതപ്പെടുത്തിയിരിക്കുന്നു, അത് ന്യായവും യുക്തിസഹവും നീതിയുക്തവുമാണ്, അത് കവിഞ്ഞാൽ; അത് അന്യായം, യുക്തിരഹിതം, അസമത്വം, അനീതി എന്ന് വിളിക്കപ്പെടുന്നു."

അതിനാൽ ഒരു വ്യക്തിക്ക് അപകടം മൂലം ഉണ്ടായ പരിക്കിന് മാത്രമല്ല നഷ്ടപരിഹാരം നൽകേണ്ടത്, പരിക്കിന്റെ പേരിൽ ഉണ്ടായ നഷ്ടത്തിനും ജീവിതത്തെ മാറ്റിമറിക്കുന്ന സംഭവത്തിന് മുമ്പ് അദ്ദേഹം നയിച്ച ജീവിതം നയിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവില്ലായ്മക്കും നഷ്ടപരിഹാരം നൽകണം. ജഗദീഷ് വെർസസ്സ് മോഹൻ മുതൽ

---

2 (1999) 1 SCC 90

പേർ[3] എന്ന കേസിൽ മൂന്നംഗ ബെഞ്ചിനായി സംസാരിച്ച ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ്, അത്തരം നഷ്ടപരിഹാര അവാർഡുകളിലൂടെ അംഗീകരിക്കപ്പെടാൻ ശ്രമിക്കുന്ന മനുഷ്യജീവിതത്തിന്റെ അന്തർലീനമായ മൂല്യത്തെക്കുറിച്ചും അന്തസ്സിനെ പറ്റിയും ഇനിപ്പറയുന്ന പ്രസക്തമായ നിരീക്ഷണം നടത്തുന്നു,

> "...നഷ്ടപരിഹാരത്തിന്റെ അളവ് വ്യക്തിയുടെ അന്തസ്സ് വീണ്ടെടുക്കാനുള്ള, നിയമത്തിന്റെ അവ്യാജമായ ശ്രമത്തെ പ്രതിഫലിപ്പിക്കണം. നമ്മുടെ നിയമം മനുഷ്യജീവന് വില കല്പിക്കുന്നുണ്ടോ എന്ന ചോദ്യത്തിലേക്ക് ഒരാളെ നയിക്കും വിധം പരിതാപകരമാകരുത് നഷ്ടപരിഹാരത്തിന്റെ അളവുകോലുകൾ. അങ്ങനെ ചെയ്യുകയാണെങ്കിൽ, അത് നഷ്ടത്തിന്റെ വേദനയ്ക്കും കഷ്ടപ്പാടിന്റെ ആഘാതത്തിനും ഒരു യഥാർത്ഥ പ്രതിഫലം നൽകണം. നഷ്ടപരിഹാരത്തിനുള്ള അവാർഡുകൾ നിയമത്തിന്റെ ദാനമല്ല. അവകാശങ്ങളെ കുറിച്ച് പ്രതിപാദിക്കുമ്പോൾ, നിയമപ്രകാരമുള്ള അർഹതകൾ അതിൽ ഉൾക്കൊള്ളുന്നു.

12. വൈകല്യങ്ങളുടെ വ്യാപ്തിയും അവകാശവാദിയുടെ വരുമാന സമ്പാദന ശേഷിയുൾപ്പെടെയുള്ള അതിന്റെ സ്വാധീനവും വിലയിരുത്തികൊണ്ടും, ജീവിത യാഥാർത്ഥ്യങ്ങൾ കണക്കിലെടുത്തും ഒരു യഥാർത്ഥ നഷ്ടപരിഹാരം നൽകാൻ കോടതികൾ ശ്രമിക്കണം. സമാന സ്വഭാവമുള്ള കേസുകളിൽ, അവകാശവാദി ഗുരുതരമായ വൈജ്ഞാനിക തകരാറും പരിമിതമായ ചലനശേഷിയും അനുഭവിക്കുന്ന സാഹചര്യത്തിൽ, ശാരീരിക

---

3 (2018) 4 SCC 571

വൈകല്യം 69% ആയി കണക്കാക്കിയാലും, അവകാശവാദിയുടെ സമ്പാദ്യശേഷി നഷ്ടപ്പെടുന്നതിനെ സംബന്ധിച്ചിടത്തോളം പ്രവർത്തനപരമായ വൈകല്യം 100% ആണ് എന്ന വസ്തുത കോടതികൾ ഓർമ്മിക്കേണ്ടതാണ്.

13. വൈകല്യം മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന്റെ അളവ് സ്ഥിരമായ വൈകല്യത്തിന്റെ അളവിന്റെ അനുപാതത്തിൽ അളക്കാൻ പാടില്ല. രാജ് കുമാർ വെർസസ്സ് അജയ് കുമാർ മുതൽ പേർ[4] എന്ന കേസിൽ ഈ വശം ശ്രദ്ധിക്കപ്പെട്ടു, ജസ്റ്റിസ് ആർ.വി. രവീന്ദ്രൻ ഇനിപ്പറയുന്ന നിരീക്ഷണങ്ങൾ നടത്തി:

> "10. പരിക്കുകളുടെ ഫലമായി അവകാശവാദിക്ക് സ്ഥിരമായ വൈകല്യം സംഭവിക്കുമ്പോൾ, ഭാവിയിലെ വരുമാന നഷ്ടത്തിന്റെ ഹെഡിന് കീഴിലുള്ള നഷ്ടപരിഹാരത്തിന്റെ വിലയിരുത്തൽ അവന്റെ സമ്പാദ്യശേഷിയിൽ അത്തരം സ്ഥിരമായ വൈകല്യത്തിന്റെ ഫലത്തെയും സ്വാധീനത്തെയും ആശ്രയിച്ചിരിക്കും. സാമ്പത്തിക നഷ്ടത്തിന്റെ ശതമാനം അല്ലെങ്കിൽ സമ്പാദിക്കാനുള്ള ശേഷിയുടെ നഷ്ടം സ്ഥിരമായ വൈകല്യത്തിന്റെ ശതമാനമായി ടൈബ്യൂണൽ യാന്ത്രികമായി പ്രയോഗിക്കരുത്. മിക്ക കേസുകളിലും, സ്ഥിരമായ വൈകല്യത്തിൽ നിന്ന് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന്റെ ശതമാനം, അതായത്, വരുമാന ശേഷി നഷ്ടപ്പെടുന്നതിന്റെ ശതമാനം, സ്ഥിരമായ വൈകല്യത്തിന്റെ ശതമാനത്തിൽ നിന്ന് വ്യത്യസ്തമായിരിക്കും. എല്ലാ സാഹചര്യങ്ങളിലും സ്ഥിരമായ വൈകല്യത്തിന്റെ ഒരു പ്രത്യേക പരിധി (ശതമാനം) തത്തുല്യമായ വരുമാന ശേഷി നഷ്ടപ്പെടുത്തും എന്ന് ചില ടൈബ്യൂണലുകൾ തെറ്റായി

4 (2011) 1 SCC 343

അനുമാനിക്കുന്നു, തൽഫലമായി, ഹാജരാക്കിയ തെളിവുകളിൽ 45% സ്ഥിരമായ വൈകല്യമായി കാണിക്കുകയാണെങ്കിൽ, ഭാവിയിൽ സമ്പാദിക്കാനുള്ള ശേഷി 45% നഷ്ടപ്പെടുന്നു എന്ന് കണക്കാക്കും. മിക്ക കേസുകളിലും, സമ്പാദിക്കാനുള്ള ശേഷിയുടെ നഷ്ടത്തിന്റെ പരിധി (ശതമാനം) സ്ഥിരമായ വൈകല്യത്തിന്റെ പരിധിയിലേക്ക് (ശതമാനം) തുല്യമാക്കുന്നത് വളരെ കുറഞ്ഞതോ ഉയർന്നതോ ആയ നഷ്ടപരിഹാരത്തിന് കാരണമാകും.

11. ട്രൈബ്യൂണൽ വിലയിരുത്തേണ്ടത് പരിക്കേറ്റവരുടെ വരുമാന ശേഷിയെ സ്ഥിരമായ വൈകല്യം എങ്ങനെ ബാധിക്കുന്നു എന്നതാണ്; ഭാവിയിലെ വരുമാനനഷ്ടം കണ്ടുപിടിക്കുന്നതിനു വരുമാനത്തിന്റെ ഒരു ശതമാനത്തിന്റെ അടിസ്ഥാനത്തിൽ സമ്പാദിക്കാനുള്ള ശേഷിയുടെ നഷ്ടം വിലയിരുത്തിയ ശേഷം, അത് പണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതുണ്ട്, (ആശ്രിതത്വ നഷ്ടം നിർണ്ണയിക്കാൻ ഉപയോഗിക്കുന്ന ഗുണന മാതൃക രീതി പ്രയോഗിച്ച്). എന്നിരുന്നാലും, ചില കേസുകളിൽ, തെളിവുകൾ നോക്കി നിശ്ചയിക്കുമ്പോൾ, സ്ഥിരമായ വൈകല്യത്തിന്റെ ഫലമായി സമ്പാദിക്കാനുള്ള ശേഷി നഷ്ടപ്പെടുന്നതിന്റെ ശതമാനം, സ്ഥിരമായ വൈകല്യത്തിന്റെ ശതമാനത്തിന് ഏകദേശം തുല്യമാണെന്ന് ട്രൈബ്യൂണൽ കണ്ടെത്തിയേക്കാം അങ്ങനെയാണെങ്കിൽ, നഷ്ടപരിഹാരം നിശ്ചയിക്കുന്നതിന് ട്രിബ്യൂണൽ ആ ശതമാനം സ്വീകരിക്കും."

14. ഭാവിയിലെ വരുമാന ശേഷിയിൽ സ്ഥിരമായ വൈകല്യത്തിന്റെ സ്വാധീനം നിർണ്ണയിക്കുന്നതിനുള്ള പരിശോധനയിൽ രാജ്കുമാറിൽ[5] പറഞ്ഞിരിക്കുന്ന 3 ഘട്ടങ്ങൾ ഉൾപ്പെടുന്നു, കൂടാതെ ആയത് Chanappa Nagappa Muchalagoda vs. Divisional

5 Ibid

Manager, New India Insurance Company Limited[6] എന്ന കേസിൽ ജസ്റ്റിസ് ഇന്ദു മൽഹോത്ര ആവർത്തിച്ചു.

> "13. സ്ഥിരമായ വൈകല്യം യഥാർത്ഥ വരുമാന ശേഷിയിൽ ചെലുത്തുന്ന സ്വാധീനം കണ്ടെത്തുന്നതിൽ മൂന്ന് ഘട്ടങ്ങൾ ഉൾപ്പെടുന്നു. ശാശ്വത വൈകല്യമുണ്ടായിട്ടും അവകാശവാദിക്ക് എന്ത് പ്രവർത്തനങ്ങൾ ചെയ്യാനാകുമെന്നും സ്ഥിരമായ വൈകല്യത്തിന്റെ ഫലമായി അയാൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയില്ലെന്നും ട്രൈബ്യൂണൽ ആദ്യം കണ്ടെത്തേണ്ടതുണ്ട് (ജീവിത സൗകര്യങ്ങൾ നഷ്ടപ്പെട്ടതിന്റെ പേരിൽ നഷ്ടപരിഹാരം നൽകുന്നതിനും ഇത് പ്രസക്തമാണ്).രണ്ടാമത്തെ ഘട്ടം, അപകടത്തിന് മുമ്പ് അവന്റെ ജോലി, തൊഴിൽ, ജോലിയുടെ സ്വഭാവം, അവന്റെ പ്രായം എന്നിവ കണ്ടെത്തുക എന്നതാണ്. മൂന്നാം ഘട്ടം (i) ഏതെങ്കിലും തരത്തിലുള്ള ഉപജീവനമാർഗം നേടുന്നതിന് അവകാശവാദി പൂർണ്ണമായും അപ്രാപ്തനാണോ എന്ന് കണ്ടെത്തുക എന്നതാണ്, അല്ലെങ്കിൽ (ii) സ്ഥിരമായ വൈകല്യം ഉണ്ടായിരുന്നിട്ടും, അവകാശവാദിക്ക് താൻ മുമ്പ് നടത്തിയിരുന്ന പ്രവൃത്തികളും പ്രവർത്തനങ്ങളും ഇപ്പോഴും ഫലപ്രദമായി നിർവഹിക്കാൻ കഴിയുമോ, അല്ലെങ്കിൽ (iii) അദ്ദേഹത്തിന്റെ മുൻ പ്രവൃത്തികളും പ്രവർത്തനങ്ങളും നിർവഹിക്കുന്നതിൽ തടസ്സമോ നിയന്ത്രണമോ ഉണ്ട് എന്നാൽ മറ്റെന്തെങ്കിലും അല്ലെങ്കിൽ കുറഞ്ഞ അളവിലുള്ള പ്രവൃത്തികളും പ്രവർത്തനങ്ങളും നടത്തുക വഴി അയാൾ സമ്പാദിക്കുന്നത് തുടരുകയോ ഉപജീവനമാർഗം നേടുന്നത് തുടരുകയോ ചെയ്യാൻ കഴിയും."

15. ഇത്തരം അനിവാര്യതകളിൽ സ്വീകരിക്കേണ്ട മേൽപ്പറഞ്ഞ അളവുകോൽ പപ്പു ദിയോ യാദവ് വേഴ്സസ് നരേഷ് കുമാർ മുതൽ

---

6 (2020) 1 SCC 796

പേർ[7] എന്ന കേസിൽ ജസ്റ്റിസ് എസ്. രവീന്ദ്ര ഭട്ട് ആവർത്തിച്ചു. മൂന്നംഗ ബെഞ്ച് താഴെ പറയുന്ന കാര്യങ്ങൾ പ്രതിപാദിച്ചു:

> "**13.** 20 വയസ്സുള്ള ഡാറ്റാ എൻട്രി ഓപ്പറേറ്ററായ (12-ാം ക്ലാസ് വരെ പഠിച്ചു) അപ്പീൽവാദിക്കു സ്ഥിരമായ വൈകല്യം സംഭവിച്ചതായി വസ്തുതാപരമായ വിവരണം വെളിപ്പെടുത്തുന്നു, അതായത് അവന്റെ വലതു കൈ നഷ്ടപ്പെട്ടു (അത് മുറിച്ചുമാറ്റി). വൈകല്യം 89% ആണെന്ന് വിലയിരുത്തി. എന്നാൽ, നഷ്ടപരിഹാരത്തിനായുള്ള വിലയിരുത്തൽ മറ്റൊരു അടിസ്ഥാനത്തിലായിരിക്കുമെന്ന അനുമാനത്തിലും, പരിക്കേറ്റ ഒരു കൈ മാത്രം നഷ്ടപ്പെട്ടു എന്നതിനാലും, ട്രിബ്യൂണലും ഹൈക്കോടതിയും വൈകല്യം 45% മാത്രമായി വിലയിരുത്തി. ഈ സമീപനം, ഈ കോടതിയുടെ അഭിപ്രായത്തിൽ, തികച്ചും യാന്ത്രികവും യാഥാർത്ഥ്യങ്ങളെ പൂർണ്ണമായും അവഗണിക്കുന്നതുമാണ്. അങ്ങനെ, ഡ്രൈവിംഗ് അല്ലെങ്കിൽ നടത്തം അല്ലെങ്കിൽ നിരന്തരമായ ചലനാത്മകത പോലുള്ള എന്തെങ്കിലും ജോലിയിൽ ഏർപ്പെടുന്ന ഒരാൾക്ക് ഒരു കാൽ നഷ്ടപ്പെടുന്നത്, ഗുരുതരമായ വരുമാനം ഉണ്ടാക്കുന്ന വൈകല്യത്തിലോ അല്ലെങ്കിൽ അത് മൊത്തത്തിൽ ഇല്ലാതാക്കുന്നതിലോ കലാശിക്കുന്നു. അതുപോലെ, ഒരു മരപ്പണിക്കാരൻ അല്ലെങ്കിൽ ഹെയർഡ്രെസ്സർ അല്ലെങ്കിൽ മെഷിനിസ്റ്റ് പോലെയുള്ള ഒരു ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾക്ക്, അതിൽ പരിചയസമ്പന്നനായ ഒരാൾക്ക്, ഒരു കൈ നഷ്ടപ്പെടുന്നത്, (കൂടുതൽ പ്രവർത്തനക്ഷമമായ ഒരു കൈ) വരുമാന മാർഗം പൂർണമായി ഇല്ലാതാക്കുന്നു. ഇരയുടെ പ്രായം 40 വയസ്സിന് മുകളിലാണെങ്കിൽ, പുനരധിവാസത്തിന്റെ സാധ്യതയും കുറയുന്നു. വരുമാന ശേഷിയുടെ നഷ്ടം വിലയിരുത്തുന്നതിനായി സ്ഥിരമായ വൈകല്യത്തിന്റെ വ്യാപ്തി നിർണ്ണയിക്കുമ്പോൾ ഈ വ്യക്തിഗത ഘടകങ്ങൾക്ക് നിർണായക പ്രാധാന്യമുണ്ട്."

---

7 (2020) SCC Online 752

"**20.** കോടതികൾ ഒരേരീതിയിലും സങ്കുചിത മനോഭാവത്തോടെയും സമീപനം സ്വീകരിക്കരുത്, പകരം, വൈകല്യങ്ങളുടെ വ്യാപ്തി വിലയിരുത്തുന്നതിലും, വിവിധ ഹെഡിന് കീഴിൽ നഷ്ടപരിഹാരം നൽകുമ്പോഴും ജീവിത യാഥാർത്ഥ്യങ്ങൾ കണക്കിലെടുത്ത് വിഷയം കാണുക. ഇപ്പോഴത്തെ കേസിൽ, കോടതിയുടെ അഭിപ്രായത്തിൽ, ഒരു കൈ നഷ്ടമായത്, അപ്പീൽവാദിക്ക് കടുത്ത വരുമാന നഷ്ടത്തിന് കാരണമായി. ഒരു ടൈപ്പിസ്റ്റ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്ന നിലയിൽ, അവന്റെ കൈകളുടെ പൂർണ്ണമായ പ്രവർത്തനം അവന്റെ ഉപജീവനത്തിന് അത്യന്താപേക്ഷിതമായിരുന്നു. അദ്ദേഹത്തിന്റെ സ്ഥിരമായ വൈകല്യത്തിന്റെ വ്യാപ്തി 89% ആയി വിലയിരുത്തപ്പെട്ടു; എന്നിരുന്നാലും, ചില 'ആനുപാതിക' തത്വത്തിന്റെ തികച്ചും തെറ്റായ പ്രയോഗത്തിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി അത് പകുതിയായി 45% ആയി കുറച്ചു, അത് യുക്തിരഹിതവും നിയമപരമായി പിന്തുണയ്ക്കത്തക്കതല്ല. തീർപ്പുകളിൽ ഊന്നൽ നൽകി കാണുന്നത് ഇരയുടെ വരുമാനമുണ്ടാക്കാനുള്ള കഴിവിനെ പരിക്കുകൾ എങ്ങനെ ബാധിക്കുന്നു എന്നുള്ളതാണ്. ഇരയുടെ തൊഴിൽ അല്ലെങ്കിൽ ബിസിനസ്സ് എന്നിവയുമായി ബന്ധപ്പെട്ട് ഒരു അവയവം (ഒരു കാലോ കൈയോ) നഷ്ടപ്പെടുന്നതും അതിന്റെ തീവ്രതയും വിലയിരുത്തേണ്ടതാണ്; പ്രയോഗത്തിന് ഒരു അന്ധമായ ഗണിത ഫോർമുല ഉണ്ടാകരുത്. മുൻ തീരുമാനങ്ങളിൽ വിവരിച്ച തത്വങ്ങളുടെ ഒരു അവലോകനത്തിൽ, പരാതിക്കാരന്റെ വരുമാനം ഉണ്ടാക്കാനുള്ള കഴിവിനെ സാരമായി ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. ഒരുപക്ഷെ, അത് 89% വരെയാകില്ല, അയാൾക്ക് ഇപ്പോഴും ഒരു കൈ ഉപയോഗിക്കാം, ചെറുപ്പമാണ്, മറ്റേതെങ്കിലും തൊഴിലിനായി സ്വയം വേണ്ടത്ര പരിശീലനം (പുനരധിവാസം) പ്രതീക്ഷിക്കുന്നു.

എന്നിരുന്നാലും, വൈകല്യം 45% ആയി കണക്കാക്കരുത്; ഈ കേസിന്റെ സാഹചര്യങ്ങളിൽ ഇത് 65% ആയി കണക്കാക്കുന്നു."

16. നേരത്തെ സൂചിപ്പിച്ചതുപോലെ, അവകാശവാദിയുടെ 69% വൈകല്യത്തിന്റെ ഫലമായി സമ്പാദന ശേഷിയിൽ ഉണ്ടാകുന്ന ആഘാതം അവന്റെ വരുമാന ശേഷിയുടെ ആനുപാതികമായ നഷ്ടമായി കണക്കാക്കരുത്. അപേക്ഷകന്റെ സമ്പാദ്യ ജീവിതം അവസാനിച്ചു, അതിനാൽ അവന്റെ വരുമാന നഷ്ടം 100% ആയി കണക്കാക്കേണ്ടതുണ്ട്. അപ്പീൽവാദി ആജീവനാന്തം അംഗഭംഗം സംഭവിച്ചവനും വീട്ടിൽ ഒതുങ്ങിനിൽക്കുന്നവനുമായതിനാൽ വരുമാനനഷ്ടം വിലയിരുത്താൻ മറ്റ് മാർഗങ്ങളില്ല. അത്തരം സാഹചര്യങ്ങളിൽ, അവന്റെ വരുമാന നഷ്ടം 100% ആയി നിജപ്പെടുത്തണം. അവന്റെ പ്രതിമാസ വരുമാനം 4,500/- രൂപയായിരുന്നതിനാൽ, 40% ഭാവി സാധ്യതയും ചേർത്ത്, പ്രതിമാസ വരുമാന നഷ്ടം 6,300/- രൂപയായി കണക്കാക്കുന്നു. അതിനാൽ അവകാശവാദിക്കു 100% വരുമാന നഷ്ടത്തിന് നഷ്ടപരിഹാരമായി 13,60,800/- രൂപ (6,300 x 12 x 18) കണക്കാക്കുന്നത് ഉചിതമാണെന്ന് കരുതുന്നു. അതനുസരിച്ച്, ഈ ഹെഡിനു കീഴിൽ, ഹൈക്കോടതി നൽകുന്ന തുക ആനുപാതികമായി വർദ്ധിപ്പിക്കുന്നു.

17. ആശുപത്രിയിൽ പ്രവേശിപ്പിച്ചപ്പോൾ ഉണ്ടായ ആറുമാസത്തെ വരുമാനനഷ്ടത്തിനു നൽകിയ കുറഞ്ഞ തുകയും തിരുത്തണം. അപകടത്തെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചതിന് അവകാശവാദിക്കു (Claimant) 12,000/- രൂപ ലഭിച്ചു. പ്രതിമാസ വരുമാനം 4500 രൂപയായിരുന്നപ്പോൾ ലഭിച്ച ഈ കുറഞ്ഞ തുക ആറുമാസത്തെ നഷ്ടവുമായി ശരിയായി പൊരുത്തപ്പെടുന്നില്ല. അതനുസരിച്ച്, ഈ ഹെഡിനു കീഴിലുള്ള തുക 27,000/- രൂപയായി (4,500 x 6) തിരുത്തി.

18. മേൽപ്പറഞ്ഞ നിഗമനത്തെത്തുടർന്ന്, അധിക നഷ്ടപരിഹാരം അപ്പീൽവാദിയ്ക്ക് അർഹതയുള്ളതായി കാണുകയും അത് ഉത്തരവിടുകയും ചെയ്യുന്നു. നാല് നിർദ്ദിഷ്ട ഹെഡുകൾക്കു കീഴിൽ അടയ്ക്കേണ്ട തുക ഇനിപ്പറയുന്ന രീതിയിൽ സൂചിപ്പിച്ചിരിക്കുന്നു:

ക്രമ നമ്പർ	**ഹെഡ്**	**അവകാശപ്പെട്ട തുക**
1.	കൂട്ടുനില്പുകാരനുള്ള ചെലവ്	Rs.10,80,000/-
2.	ഭാവിയിലെ ചികിത്സാ ചെലവുകൾ	Rs.3,00,000/-
3.	ശാശ്വത വൈകല്യത്തിനും സമ്പാദ്യശേഷി നഷ്ടപ്പെടുന്നതിനുമുള്ള നഷ്ടപരിഹാരം	Rs.13,60,800/-
4.	വരുമാന നഷ്ടം	Rs. 27,000/-
5.	ആകെ	**Rs.27,67,800/-**

മേൽപ്പറഞ്ഞ തുക, ഇന്ന് മുതൽ ആറാഴ്ചയ്ക്കുള്ളിൽ ഒന്നാം എതിർകക്ഷി നൽകണം. ഈ ഹെഡുകൾക്കു കീഴിൽ മുമ്പ് അടച്ച ഏത് തുകയും, അപ്പീൽവാദിയ്ക്ക് പണം കൊടുക്കുന്ന സമയത്ത് ക്രമീകരിക്കാവുന്നതാണ്. അതിനനുസരിച്ചാണ് ഉത്തരവിട്ടിരിക്കുന്നത്.

19. പിരിയുന്നതിന് മുമ്പ്, ഇത്തരം കേസുകളിൽ, ഒരു വ്യക്തി അനുഭവിക്കുന്ന സ്ഥിരമായ വൈകല്യം അവന്റെ വൈജ്ഞാനിക കഴിവുകളെയും ശാരീരിക സൗകര്യങ്ങളെയും മാത്രമല്ല, മറ്റ് നിരവധി കണക്കാക്കാൻ കഴിയാത്ത പ്രത്യാഘാതങ്ങളും ഉണ്ടാക്കുന്നു എന്നതിനെക്കുറിച്ച് ട്രിബ്യൂണലും കോടതികളും ബോധവാന്മാരായിരിക്കണമെന്ന് ഊന്നിപ്പറയേണ്ടതുണ്ട്. ആരോഗ്യമുള്ള ഒരു വ്യക്തി പരിക്കുപറ്റിയവനാവുമ്പോൾ, സാധാരണ കൂട്ടുകെട്ട് നഷ്ടപ്പെടുകയും, ഉൽപ്പാദനക്ഷമമായ ജീവിതം നയിക്കാൻ കഴിവില്ലാത്തവനായി മാറുകയും ചെയ്യുന്നു എന്ന വസ്തുത തന്നെ ആത്മാഭിമാനം നഷ്ടപ്പെടുത്തുന്നു. ചാൾസ് ഡിക്കൻസിന്റെ ക്ലാസിക്കിൽ, "ദയവായി സർ, എനിക്ക് കുറച്ച് കൂടി വേണം" എന്ന അഭ്യർത്ഥനകൾ നടത്തേണ്ടി വരുന്ന അനാഥാലയത്തിലെ ആൺകുട്ടിയായി, ആധുനിക കാലത്തെ ഒലിവർ ട്വിസ്റ്റായി, അത്തരമൊരു അവകാശവാദിയെ വീക്ഷിക്കാൻ പാടില്ല. അടിസ്ഥാന യാഥാർത്ഥ്യങ്ങൾ കണക്കിലെടുത്ത് അവകാശവാദിയുടെ ദുരിതം ഗണ്യമായി ലഘൂകരിക്കാനും അവന്റെ യഥാർത്ഥ ആവശ്യങ്ങൾ തിരിച്ചറിയാനും വേണ്ടിയായിരിക്കണം

ശ്രമങ്ങൾ നടത്തേണ്ടത്. എന്നിരുന്നാലും, നടപടികൾ ശരിയായ അനുപാതത്തിലായിരിക്കണം. സരള വർമ്മ മുതൽ പേർ വേഴ്സസ് ഡൽഹി ട്രാൻസ്പോർട്ട് കോർപ്പറേഷൻ മുതൽ പേർ[8] എന്ന കേസിൽ ഡിവിഷൻ ബെഞ്ചിന് വേണ്ടി സംസാരിക്കുമ്പോൾ ജസ്റ്റിസ് ആർ.വി രവീന്ദ്രൻ ഉചിതമായി പറഞ്ഞതുപോലെ, നീതിയുക്തമായ നഷ്ടപരിഹാരം മതിയായ നഷ്ടപരിഹാരമാണ്, അവാർഡ് അത് മാത്രമായിരിക്കണം- കുറവുമാവരുത് കൂടുതലുമാവരുത്. വിധിയുടെ ക്രൂരമായ വഴിത്തിരിവ് അനുഭവിക്കുന്ന ഇരയുടെ അഭ്യർത്ഥനയിൽ, ചിലത് കൂടി ആവശ്യപ്പെടുമ്പോൾ, അത് അതിരുകടന്നതല്ല, മറിച്ച്, തന്റെ ദുർബലമായ ജീവിതത്തിലെ മുൻകൂട്ടിക്കാണാൻ കഴിയാത്തതും യാദൃശ്ചികവുമായ വഴിത്തിരിവുകളുമായി പൊരുത്തപ്പെടുന്നതിനുള്ള ഉചിതമായ നഷ്ടപരിഹാരം തേടുന്നതാണ്. അതിനാൽ, കോടതി നൽകുന്ന പണത്തിന് പരിക്കേറ്റ ഇരയുടെ (സാധാരണ ജീവിത സൗകര്യങ്ങൾ നഷ്ടപ്പെടുകയും മറ്റുള്ളവർക്ക് ഭാരമാകുന്നതിന്റെ അസ്വസ്ഥത അനുഭവിക്കുകയും ചെയ്യുന്ന) യഥാർത്ഥ കഷ്ടപ്പാടുകൾ പരിഹരിക്കാൻ കഴിയില്ലെങ്കിലും, ' നീതിയുക്തമായ നഷ്ടപരിഹാരം' നൽകിക്കൊണ്ട് അത്തരം അവകാശവാദിയുടെ ആത്മാഭിമാനം പുനഃസ്ഥാപിക്കാൻ സഹായിക്കുന്നതിന് കോടതികൾക്ക് ആത്മാർത്ഥമായ ശ്രമം നടത്താനാകും.

---

8 (2009)6 SCC 121

20. മേൽപ്പറഞ്ഞ നിരീക്ഷണത്തോടും നഷ്ടപരിഹാരം വർധിപ്പിച്ചുകൊണ്ടും, അവകാശവാദിയുടെ അപ്പീൽ അനുവദിക്കുന്നു. ഹൈക്കോടതിയുടെ അപവദിത വിധിന്യായം മുകളിൽ സൂചിപ്പിച്ച വിധം പരിഷ്കരിച്ചിരിക്കുന്നു. കക്ഷികൾ അവരവരുടെ ചെലവ് വഹിക്കണം.

.....J
[R. SUBHASH REDDY]
.....J
[HRISHIKESH ROY]

ന്യൂ ഡൽഹി
2021 ഒക്ടോബർ 27.

Disclaimer

" The translated judgment in vernacular language is meant for the restricted use of the litigant to understand it in his/her language and may not be used for any other purpose. For all practical and official purposes, the English version of the judgments shall be authentic and shall hold the field for the purpose of execution and implementation."

ബാദ്ധ്യതാ നിരാകരണം: പ്രാദേശിക ഭാഷയിൽ വിവർത്തനം ചെയ്ത വിധിന്യായം വ്യവഹാരിയുടെ ഭാഷയിൽ മനസ്സിലാക്കുന്നതിനുള്ള നിയന്ത്രിത ഉപയോഗത്തെ ഉദ്ദേശിച്ചിട്ടുള്ളതാണ്; മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി അത് ഉപയോഗിക്കാവുന്നതല്ല. എല്ലാവിധ പ്രായോഗികവും ഔദ്യോഗികവുമായ ആവശ്യങ്ങൾക്ക് വിധിന്യായങ്ങളുടെ ഇംഗ്ലീഷ് പതിപ്പാണ് ആധികാരികം, അത് എല്ലാ ആവശ്യങ്ങളും നടപ്പാക്കുന്നതിനും നടപ്പിലാക്കുന്നതിനും ആധികാരികമായി തുടരുകയും ചെയ്യുന്നതാണ്.